# 1994-ലെ 6-ാം ആക്ട്

## 1994-ലെ കേരള അവശ്യസർവ്വീസുകൾ സംരക്ഷണ ആക്റ്റ് *

കേരള സംസ്ഥാനത്തെ ചില അവശ്യ സർവ്വീസുകളും സമൂഹത്തിന്റെ സാധാരണ ജീവിതവും സംരക്ഷിക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു ആക്റ്റ്

പീഠിക.— കേരള സംസ്ഥാനത്തെ ചില അവശ്യസർവ്വീസുകളും സമൂഹത്തിന്റെ സാധാരണ ജീവിതവും സംരക്ഷിക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കയാൽ,

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ നാൽപ്പത്തിയഞ്ചാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 1994-ലെ കേരള അവശ്യ സർവ്വീസുകൾ സംരക്ഷണ ആക്റ്റ് എന്ന് പേർ പറയാവുന്നതാണ്.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് 1993 സെപ്റ്റംബർ 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതേണ്ടതാണ്.

2. നിർവ്വചനങ്ങൾ.— (1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "അവശ്യസർവ്വീസ്" എന്നാൽ —

(i) ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി ഗസറ്റു വിജ്ഞാപനംവഴി ആവശ്യസർവ്വീസായി സർക്കാർ പ്രഖ്യാപിച്ചേക്കാവുന്ന സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും സർവ്വീസ്;

(ii) സംസ്ഥാന നിയമസഭയ്ക്ക് നിയമനിർമ്മാണം നടത്തുന്നതിന് അധികാരമുള്ളതും, അപ്രകാരമുള്ളവയിലെ പണിമുടക്കുകൾ ഏതെങ്കിലും പൊതു ഉപയോഗ സർവ്വീസിന്റെ സംരക്ഷണത്തെയോ പൊതു സുരക്ഷിതത്വത്തെയോ അല്ലെങ്കിൽ സമൂഹത്തിന്റെ ജീവിതത്തിന് ആവശ്യമായ വിതരണത്തിന്റെയും സർ വ്വീസുകളുടെയും സംരക്ഷണത്തെയോ ഹാനികരമായി ബാധിക്കുമെന്നോ അഥവാ

---

* 1994 മാർച്ച് 3-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 1994 ഫെബ്രുവരി 3-ാം തീയതിയിലെ 177-ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

സമൂഹത്തിന് ഗുരുതരമായ ക്ലേശങ്ങൾ അടിച്ചേൽപ്പിക്കാനിടയാക്കുമെന്നോ സർക്കാരിന് അഭിപ്രായമുള്ളതും ആയ കാര്യങ്ങളെ സംബന്ധിച്ച് ഈ ആക്ററിന്റെ ആവശ്യത്തിലേക്കായി ഗസററു വിജ്ഞാപനംവഴി ഒരു അവശ്യസർവ്വീസായി പ്രഖ്യാപിച്ചേക്കാവുന്ന മററ് എതൊരു സർവ്വീസ്, എന്നർത്ഥമാകുന്നു;

(ബി) "പണിമുടക്ക്" എന്നാൽ —

(എ) ഏതെങ്കിലും അവശ്യസർവ്വീസിൽ നിയമിതരായിട്ടുള്ള ഒരുസംഘം ആളുകൾ സംയുക്തമായി പണി നിറുത്തിവയ്ക്കുകയോ അഥവാ അപ്രകാരം നിയമിതരായിട്ടുള്ളവരോ നിയമിതരായിരുന്നവരോ ആയ ഏതെങ്കിലും ആളുകൾ കൽപിതമായ പണി തുടർന്നു ചെയ്യുന്നതിനോ പണി സ്വീകരിക്കുന്നതിനോ കൂട്ടായി വിസമ്മതിക്കുകയോ അഥവാ ഒരു പൊതു ധാരണ പ്രകാരം വിസമ്മതിക്കുകയോ ചെയ്യൽ എന്നർത്ഥമാകുന്നതും അതിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നതുമാകുന്നു—

(i) കൂട്ട കാഷ്വൽ അവധിയെടുക്കുന്ന ആളുകൾ തങ്ങൾക്കിടയിലുണ്ടാക്കിയ ഒരു പൊതു ധാരണയുടെ ഫലമായിട്ടോ അഥവാ മറേറതെങ്കിലും ആളുടെയോ ആളുകളുടെയോ നിർദ്ദേശപ്രകാരമോ എടുക്കുന്ന അപ്രകാരമുള്ള അവധി;

(ii) ഏതെങ്കിലും അവശ്യസർവ്വീസിന്റെ പരിപാലനത്തിന് ഓവർടൈം പണി ചെയ്യേണ്ടത് ആവശ്യമായിട്ടുള്ളിടത്ത് അത് ചെയ്യാൻ വിസമ്മതിക്കൽ;

(iii) ഏതെങ്കിലും അവശ്യസർവ്വീസിലെ പണി ഫലത്തിൽ നിലച്ചുപോയേക്കാനിടയാക്കുന്നതോ അല്ലെങ്കിൽ നിറുത്തുന്നതോ അഥവാ അതിന് സാരമായി വേഗത കുറയാൻ ഇടയാക്കുന്നതോ, ഇടയാക്കാൻ സാദ്ധ്യതയുള്ളതോ ആയ മറേറതെങ്കിലും പെരുമാററം.

(ബി) ഏതെങ്കിലും സാധനത്തിന്റെ വിതരണം നിലനിറുത്തേണ്ടത് സമൂഹത്തിന്റെ ജീവിതത്തിന് അവശ്യമായിരിക്കുന്നപക്ഷം അങ്ങനെയുള്ള സാധനത്തിന്റെ സംഭരണം, കൈവശംവയ്ക്കൽ, കയററിക്കൊണ്ടുപോകൽ, വിതരണം അഥവാ വിന്യാസം എന്നിവയുമായി ബന്ധപ്പെട്ട ഏതെങ്കിലും അവശ്യ സർവ്വീസിൽ ഏർപ്പട്ടിരിക്കുന്ന ഒരുസംഘം ആളുകളുടെ പണി നിറുത്തിവയ്ക്കൽ അഥവാ ഏതെങ്കിലും അവശ്യ സർവ്വീസിലെ പണി ഫലത്തിൽ നിലച്ചുപോകാനിടയാക്കുന്നതോ അല്ലെങ്കിൽ അതിന് സാരമായി വേഗത കുറയാൻ ഇടയാക്കിയേക്കാവുന്നതോ ആയ എതെങ്കിലും പെരുമാററം എന്നുകൂടി അർത്ഥമാകുന്നു.

വിശദീകരണം.— ഈ ആക്ടിന്റെ ആവശ്യത്തിലേക്കായി, ഏതെങ്കിലും അവശ്യസർവ്വീസിൽ ഏർപ്പെട്ടിരിക്കുന്ന ആൾ എന്നതിൽ ആ അവശ്യസർവ്വീസുമായി

ബന്ധപ്പെട്ട് ഉപയോഗിക്കുന്ന ഏതെങ്കിലും വാഹനത്തിന്റെയോ യാനപാത്രത്തിന്റെയോ രജിസ്ററർ ചെയ്ത ഉടമസ്ഥനോ അല്ലെങ്കിൽ അതിൻ്റെ കൈവശമോ നിയന്ത്രണമോ ഉള്ള ആളോട്ടുകൂടി ഉൾപ്പെടുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൻകീഴിൽ പുറപ്പെട്ടുവിച്ചിട്ടുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെട്ടുവിച്ചതിനുശേഷം ഉടൻ തന്നെ, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ നിയമസഭ മുൻപാകെ വയ്ക്കേണ്ടതും, നിയമസഭ സമ്മേളനത്തിലല്ലാതിരിക്കുമ്പോൾ തൊട്ടടുത്ത് വരുന്ന സമ്മേളനത്തിന്റെ ആദ്യദിവസം അതിന്റെ മുൻപാകെ വയ്ക്കേണ്ടതും അത് അപ്രകാരം വെച്ച തീയതി മുതൽ നാൽപ്പതു ദിവസം കഴിയുന്നതിനു മുൻപായി വിജ്ഞാപനം പുറപ്പെട്ടുവിച്ചത് അംഗീകരിച്ചുകൊണ്ട് നിയമസഭ ഒരു പ്രമേയം പാസ്സാക്കാത്തപക്ഷം, പ്രാബല്യത്തിലല്ലാതായിത്തീരുന്നതുമാണ്.

3. <u>അവശ്യ സർവ്വീസുകളിൽ പണിമുടക്ക് നിരോധിക്കാനുള്ള അധികാരം</u>.— (1) പൊതുതാൽപ്പര്യാർത്ഥം ആവശ്യമോ യുക്തമോ ആണെന്ന് സർക്കാരിന് ബോദ്ധ്യമാകുന്നപക്ഷം പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുവഴി സർക്കാരിന് ഉത്തരവിൽ പറഞ്ഞിട്ടുള്ള ഏതൊരു അവശ്യ സർവ്വീസിലും പണിമുടക്ക് നിരോധിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെട്ടുവിച്ചിട്ടുള്ള ഒരു ഉത്തരവ്, അത് ബാധകമായ ആളുകളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് പര്യാപ്തമെന്ന് തോന്നുന്ന രീതിയിൽ സർക്കാർ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ്പ്രകാരം പുറപ്പെട്ടുവിച്ചിട്ടുള്ള ഒരു ഉത്തരവിന് മൂന്നുമാസക്കാലംമാത്രം പ്രാബല്യമുണ്ടായിരിക്കുന്നതും, എന്നാൽ അപ്രകാരം ചെയ്യുന്നത് പൊതുതാൽപര്യത്തിന് ആവശ്യമോ യുക്തമോ ആണെന്ന് സർക്കാരിന് ബോദ്ധ്യമുള്ളപക്ഷം, സമാനമായ ഒരു ഉത്തരവ് വഴി മൂന്നുമാസത്തിൽ കവിയാത്ത ഏതെങ്കിലും കാലയളവിലേക്ക് അത് ദീർഘിപ്പിക്കാവുന്നതുമാണ്.

(4) (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു ഉത്തരവ് പുറപ്പെട്ടുവിക്കുന്നതിൻമേൽ,—

(എ) ആ ഉത്തരവുമായി ബന്ധപ്പട്ട ഏതെങ്കിലും അവശ്യസർവ്വീസിൽ, അതതു സംഗതിപോലെ, നിയമിച്ചിട്ടുള്ളതോ എർപ്പെട്ടിട്ടുള്ളതോ ആയ യാതൊരാളും പണിമുടക്കാനോ പണിമുടക്കിൽ തുടരാനോ പാടുള്ളതല്ല;

(ബി) അപ്രകാരമുള്ള ഏതെങ്കിലും സർവ്വീസിൽ, അതതുസംഗതിപോലെ, നിയമിച്ചിട്ടുള്ളതോ ഏർപ്പെട്ടിട്ടുള്ളതോ ആയ ആളുകൾ ഉത്തരവ് പുറപ്പെട്ടുവിക്കുന്നതിന്

മുൻപോ പിൻപോ പ്രഖ്യാപിച്ചിട്ടുള്ളതോ ആരംഭിച്ചിട്ടുള്ളതോ ആയ ഏതൊരു പണിമുടക്കും നിയമവിരുദ്ധമായിരിക്കുന്നതാണ്.

4. <u>നിയമവിരുദ്ധ പണിമുടക്കുകൾക്കുള്ള ശിക്ഷ</u>.— ഈ ആക്റ്റ് പ്രകാരം നിയമവിരുദ്ധമായ ഒരു പണിമുടക്ക് ആരംഭിക്കുകയോ അതിൽ ചേരുകയോ തുടരുകയോ അല്ലെങ്കിൽ മററുവിധത്തിൽ, പങ്കെടുക്കുകയോ ചെയ്യുന്ന ഏതൊരാളും ആറുമാസം വരെയാകാവുന്ന കാലത്തേക്കുള്ള തടവു ശിക്ഷയോ ആയിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ അഥവാ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

5. <u>പ്രേരണ മുതലായവയ്ക്കുള്ള ശിക്ഷ</u>.— ഏതെങ്കിലും ആൾ —

(എ) ഈ ആക്റ്റുപ്രകാരം നിയമവിരുദ്ധമായ ഒരു പണിമുടക്കിൽ പങ്കെടുക്കുന്നതിന് മററാളുകളെ പ്രേരിപ്പിക്കുകയോ പ്രോൽസാഹിപ്പിക്കുകയോ അല്ലെങ്കിൽ അത് പുരോഗമിപ്പിക്കുന്നതിന് മററുവിധത്തിൽ പ്രവർത്തിക്കുകയോ; അഥവാ

(ബി) അപ്രകാരമുള്ള ഏതെങ്കിലും പണിമുടക്കിനെ പുരോഗമിപ്പിക്കുന്നതിനോ പിന്തുണയ്ക്കുന്നതിനോ, അറിഞ്ഞുകൊണ്ട് പണമെന്തെങ്കിലും ചെലവാക്കുകയോ, നൽകുകയോ,

ചെയ്താൽ, അയാൾ ആറുമാസം വരെയാകാവുന്ന കാലത്തേക്കുള്ള തടവു ശിക്ഷയോ ആയിരം രൂപ വരെയാകാവുന്ന പിഴശിക്ഷയോ അഥവാ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

6. <u>കുററം കോഗ്നൈസബിളും ജാമ്യം അനുവദിക്കേണ്ടതല്ലാത്തതും ആയിരിക്കുമെന്ന്</u>.— ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുററം ചെയ്തതായി ന്യായയുക്തമായി സംശയിക്കപ്പെടുന്ന ഏതെങ്കിലും ആളെ ഏതൊരു പോലീസ് ഓഫീസർക്കും വാറണ്ടില്ലാതെ അറസ്ററു ചെയ്യാവുന്നതും, പോലീസ് ഓഫീസറോ കോടതിയോ അയാൾക്ക് ജാമ്യം അനുവദിക്കേണ്ടതല്ലാത്തതുമാകുന്നു.

7. <u>കുററങ്ങൾ സമ്മറിയായി വിചാരണ ചെയ്യണമെന്ന്</u>.— ഈ ആക്റ്റുപ്രകാരമുള്ള എല്ലാ കുററങ്ങളും സർക്കാർ ഇതിലേക്കായി പ്രത്യേകം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒന്നാം ക്ലാസ് ജൂഡീഷ്യൽ മജിസ്ട്രേട്ട് സമ്മറിയായി വിചാരണ ചെയ്യേണ്ടതും 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്)-ലെ 262, 263, 264, 265 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ അങ്ങനെയുള്ള വിചാരണയ്ക്ക് സാദ്ധ്യമാകുന്നിടത്തോളം ബാധകമായിരിക്കുന്നതുമാണ്.

8. <u>റദ്ദാക്കലും ഒഴിവാക്കലും</u>.— (1) 1993-ലെ കേരള അവശ്യസർവ്വീസുകൾ സംരക്ഷണ ഓർഡിനൻസ് (1993-ലെ 7-ാം നമ്പർ ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റുപ്രകാരം ചെയ്തതോ എടുത്തതായോ ആയി കരുതപ്പെടേണ്ടതാണ്.